# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4088**      **03/02/2014-ൽ മറുപടിക്ക്**

## കൊണ്ടോട്ടി സി.എച്ച്.സി.യിൽ എക്സ്റേ മെഷീൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ മുഹമ്മദുണ്ണി ഹാജി | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എക്സ്-റേ മെഷീൻ ലഭ്യമാക്കിയിട്ടു ണ്ടോ ; എങ്കിൽ ആയത് എന്നാണ് ലഭ്യമായതെന്ന് വ്യക്തമാക്കുമോ ; | (എ) | കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ബ്ലോക്ക് പഞ്ചായത്ത് പ്രോജക്റ്റ് പ്രകാരം ഒരു മൊബൈൽ എക്സ്റേ യൂണിറ്റ് (പോർട്ടബിൾ മെഷീൻ) 2006-ൽ ലഭ്യമാക്കിയിരുന്നു. |
| (ബി) | പ്രസ്തുത മെഷീൻ പ്രവർത്തിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാം ; അവ പരിഹരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ ; | | പ്രസ്തുത മെഷീൻ പ്രവർത്തിപ്പിക്കുന്നതിന് റേഡിയേഷൻ സേഫ്റ്റി ഡയറക്ടറുടെ അനുമതി ആവശ്യമാണ്. പ്രസ്തുത അനുമതി കിട്ടുന്നതിനു വേണ്ടി റേഡിയേഷൻ സേഫ്റ്റി ഡയറക്ടറോട് നിരന്തരം ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത എക്സ്റേ മെഷീൻ, ഒരു പോർട്ടബിൾ മൊബൈൽ യൂണിറ്റായതിനാൽ സൈറ്റ് അപ്രൂവൽ സർട്ടിഫിക്കറ്റ് നൽകാനാവില്ലെന്ന് റേഡിയേഷൻ സേഫ്റ്റി ഡയറക്ടർ അറിയിച്ചതിനാൽ അവിടെ ഒരു സ്ഥിരം എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | ഏതെങ്കിലും വിദഗ്ദ്ധ സമിതിയുടെ അംഗീകാരം സ്കാനിംഗ്, എക്സ്-റേ മെഷീനുകൾ സ്ഥാപിക്കുന്നതിന് ആവശ്യമാണോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | | സ്കാനിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് പി.എൻ.ഡി.റ്റി. ജില്ലാ ഉപദേശക സമിതി അംഗീകാരം നൽകിയ ശേഷം മാത്രമേ സ്ഥാപിക്കാൻ കഴിയുകയുള്ളൂ. എക്സ്റേ മെഷീൻ സ്ഥാപിക്കുന്നത് റേഡിയേഷൻ സേഫ്റ്റി ഡയറക്ടർ നിഷ്കർഷിക്കുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളെല്ലാം ഉണ്ടെങ്കിൽ മാത്രമേ ആയത് സ്ഥാപിക്കാൻ അനുമതി ലഭിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സമിതി സംസ്ഥാനത്ത് എത്രയെണ്ണം നിലവിലുണ്ട് ; ഇവരുടെ റിപ്പോർട്ട് വൈകുന്നത് മൂലം ഇത്തരം മെഷീനുകൾ പ്രവർത്തിപ്പി ക്കുന്നതിന് കാലതാമസം നേരിടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; വ്യക്തമാക്കാമോ ? | | പി.എൻ.ഡി.റ്റി.യുടെ ജില്ലാ ഉപദേശക സമിതികൾ നിലവിലുണ്ട്. റേഡിയേഷൻ സേഫ്റ്റി ഡയറക്ടറുടെ ഒരു ഓഫീസ് മാത്രമാണ് കേരളത്തിൽ നിലവിലുള്ളത്. ഇതുമൂലം എക്സ്റേ മെഷീനുകൾ പ്രവർത്തിപ്പിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ